(സി) പീരുമേടു താലൂക്കിലെ റേഷൻ ഷാപ്പുകളിൽ നിന്നും സാധനങ്ങളും വാങ്ങുന്ന തോട്ടംതൊഴിലാളികൾക്ക് നിശ്ചിത തൂക്കം ധാന്യങ്ങളും റവയും നൽകുന്നില്ല എന്നുള്ള പരാതി കണക്കിലെടുത്തുകൊണ്ട് ഒരന്വേഷണം നടത്തുന്നതിനു തയ്യാറാകുമോ?

ഉത്തരം

(എ) റേഷൻവിതരണത്തിൽ, ചിലസ്ഥലങ്ങളിൽ മൊത്തക്കച്ചവടക്കാരും ചില്ലറച്ചക്കവടക്കാരും അഴിമതികളും നടത്തുന്നതായി പരാതികളും ഗവൺമെൻറിനു ലഭിച്ചിട്ടുണ്ട്. ആ പരാതികളും അപ്പോഴപ്പോൾ അതാതു ജില്ലാ കളക്ടർമാർക്ക് നടപടിക്കായി അയച്ചുകൊടുത്തിട്ടുണ്ട്.

(ബി) ഇത്തരത്തിലുള്ള പരാതി കിട്ടിയിട്ടുണ്ടോ എന്ന് അന്വേഷിച്ചിരിക്കുകയാണ്. വിവരം കിട്ടിയിട്ടില്ല.

(സി) ഇത്തരത്തിലുള്ള പരാതി കിട്ടിയിട്ടുണ്ടോ എന്ന് അന്വേഷിച്ചിരിക്കുകയാണ്. വിവരം കിട്ടിയതിനുശേഷം വേണ്ട നടപടി എടുക്കുന്നതാണ്.

ഔദ്യോഗികഭാഷ മലയാളമാക്കുന്നതിനുള്ള നടപടി

* 107. (840) ശ്രീ. കെ. കെ. അബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു ബോധനഭാഷയും ഔദ്യോഗികഭാഷയും കോടതിഭാഷയും മലയാളം ആക്കുന്നതിന് ഈ ഗവൺമെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതെത്രമാത്രം പുരോഗമിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇതിന് അടിയന്തിരമായ നടപടികളും സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) (1) ബോധനഭാഷ

സ്കൂൾ ക്ലാസുകളിൽ ബോധനഭാഷ പ്രാദേശിക ഭാഷയാണ്. യൂണിവേഴ്സിറ്റി നിലവാരത്തിലും ബോധനഭാഷ പ്രാദേശികഭാഷയാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ മാറ്റം എന്നു മുതൽ വരുത്തണമെന്ന് വ്യക്തമായി തീരുമാനിച്ചിട്ടില്ല. സംസ്ഥാനഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ആവിഷ്ക്കരിച്ചതും ഇൻഡ്യാഗവൺമെൻറ് അംഗീകരിച്ചതുമായ ഒരു പദ്ധതിയുടെ ഭാഗമായി 740 പുസ്തകങ്ങൾ മലയാളത്തിൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. 5 ഗ്ലോസറികളും ഏഴ് പുസ്തകങ്ങളും ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആറാമത്തെ ഗ്ലോസറിയും 20 പുസ്തകങ്ങളും അച്ചടിക്കുവാനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു.

(2) ഔദ്യോഗികഭാഷ

മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതു സംബന്ധിച്ച് നടപടികൾ ത്വരിതപ്പെടുത്തുന്നതിലേക്ക് മുഖ്യമന്ത്രി ചെയർമാനായി അടുത്തകാലത്ത് ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. മലയാളം ടൈപ്പ്റൈറ്റർ കീബോർഡ്

LIBRARY ARCHIVES Kerala Legislative Assembly

പരിഷ്ക്കരിക്കുന്നതിലേക്കു വേണ്ട നിർദ്ദേശങ്ങൾ നൽകുവാനായി ഒരു ടെക്നിക്കൽ കമ്മിറ്റിയേയും നിയമിച്ചു കഴിഞ്ഞിട്ടുണ്ട്. മലയാളം ഷോർട്ട് ഹാൻഡ് മാനുവൽ തയ്യാറാക്കുന്നതിന് ഒരു കമ്മിറ്റിയെ നിയമിക്കുന്ന കാര്യം ഗവൺമെൻറിൻെറ സജീവ പരിഗണനയിലിരിക്കുകയാണ്. ഇപ്പോൾത്തന്നെ മലയാളം ചില പരിധിവരെ എല്ലാ ഡിപ്പാർട്ടുമെൻറുകളിലും ഔദ്യോഗിക കാര്യങ്ങൾക്ക് ഉപയോഗിക്കണമെന്ന നിർദ്ദേശം നിലവിലുണ്ട്. മലയാളം ഔദ്യോഗികഭാഷയാക്കുന്നതിനുവേണ്ടിയുള്ള നിയമനിർമ്മാണവും ഗവൺമെൻറിൻെറ പരിഗണനയിലിരിക്കുന്നു.

(3) കോടതിഭാഷ

സാധാരണയായി കോടതി നടപടികൾ ഇംഗ്ലീഷിലോ മലയാളത്തിലോ ആണ് നടക്കാറുള്ളത്. കർണ്ണാടകം സംസാരിക്കുന്നകാസർകോട്ട് പ്രദേശത്ത് കർണ്ണാടകവും ഉപയോഗിക്കുന്നുണ്ട്. സാക്ഷിവിസ്താരം മിക്കവാറും പ്രാദേശികഭാഷയിലാണ് നടക്കുന്നത്. എന്നാൽ ചില ന്യായാധിപൻമാരെ തെളിവുകൾ ഇംഗ്ലീഷിൽ രേഖപ്പെടുത്തുവാൻ അധികാരപ്പെടുത്തിയിട്ടുണ്ട്. വിധികളും കൽപ്പനകളും ഇംഗ്ലീഷിലാണ് രേഖപ്പെടുത്താറുള്ളത്. ഡിഗ്രികൾ തിരു–കൊച്ചി പ്രദേശത്ത് പ്രാദേശിക ഭാഷയിലും മലബാർ പ്രദേശത്ത് ഇംഗ്ലീഷിലുമാണ് എഴുതാറുള്ളത്. കോടതി നടപടികൾ പരിപൂർണ്ണമായും പ്രാദേശികഭാഷയിലാക്കുവാൻ സമയമായില്ല എന്നാണ് ഹൈക്കോടതിയുടേയും ഗവൺമെൻറിൻെറയും നിലപാട്.

UNSTARRED QUESTIONS POSTED FOR ANSWER ON 23-3-1970

കൊച്ചിസംസ്ഥാനത്തെ ഹരിജൻ കോളനികൾ

108. (732) പന്തളം ശ്രീ. പി. ആർ. മാധവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലസേചനവും കൃഷിയും മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴയ കൊച്ചിസംസ്ഥാനത്തു ഹരിജനങ്ങൾക്കായി എത്ര കോളനികൾ സ്ഥാപിച്ചിട്ടുണ്ടെന്നും അവിടെ എത്ര ഹരിജൻ കുടുംബങ്ങൾ താമസിക്കുന്നു എന്നും പറയുമോ;

(ബി) പ്രസ്തുത കോളനികളിലെ ഹരിജൻ കുടുംബങ്ങൾക്കു നൽകിയ ഭൂമിയുടെ സ്ഥിരം പട്ടയം നൽകാൻ സജീവ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇതിലേക്കുവേണ്ട സജീവ നടപടികൾ സ്വീകരിക്കുന്നുണ്ട്.

LEGISLATIVE BUSINESS

The Kerala Appropriation (No. 2) Bill, 1970

[9 A. M.]

Minister for Finance (**Shri N. K. Seshan**) : Sir, I introduce the Kerala Appropriation (No. 2) Bill, 1970.

Mr. Speaker : The Bill stands introduced.

LIBRARY ARCHIVES Kerala Legislative Assembly